# സി.ബി.ഐ.യെക്കുറിച്ച് ഗോപാല്‍ഗാന്ധിയുടെ അഭിപ്രായം 18-04-2014

**അരുണ്‍ ജെയ്റ്റ്‌ലി,**
**(പ്രതിപക്ഷ നേതാവ്, രാജ്യസഭ)**

സി.ബി.ഐ.യെക്കുറിച്ചുള്ള മുന്‍ പശ്ചിമബംഗാള്‍ ഗവര്‍ണ്ണറുടെ അഭിപ്രായം അഭിനന്ദനമര്‍ഹിക്കുന്നതാണ്. സി.ബി.ഐ. സംഘടിപ്പിച്ച ഡോ. കൊഹ്‌ലി അനുസ്മരണച്ചടങ്ങില്‍ പ്രസംഗിക്കവേയാണ് ശ്രീ. ഗോപാല്‍ഗാന്ധി ഇത്തരത്തിലുള്ള ഒരു അഭിപ്രായം പ്രകടിപ്പിച്ചത്. സി.ബി.ഐയുടെ പ്രവര്‍ത്തനശൈലിയെക്കുറിച്ച് വിശകലനം ചെയ്തശേഷം സി.ബി.ഐ.യെ ഗവണ്‍മെന്റ് ദുരുപയോഗം ചെയ്യുന്നതിനെക്കുറിച്ചും അദ്ദേഹം സംസാരിക്കുകയുണ്ടായി.

കഴിഞ്ഞ പത്തുവര്‍ഷമായി സി.ബി.ഐയുടെ വിശ്വാസ്യത നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഡയറക്ടര്‍മാരാല്‍ നിയന്ത്രിക്കപ്പെടുന്ന ഒരു ഏജന്‍സിയാണ് സി.ബി.ഐ. ഡയറക്ടര്‍മാരെ തിരഞ്ഞെടുക്കുന്ന ചുമതല ഗവണ്‍മെന്റിനാണ്. അല്ലാതെ മറ്റു സംഘടനകളില്‍ ഈ ചുമതല നിക്ഷിപ്തമല്ല. ഡയറക്ടര്‍മാരെ നിയന്ത്രിക്കുന്നത് ഗവണ്‍മെന്റ് മാത്രമല്ല, ഭരണകക്ഷിയുടെ പ്രധാന ഭാരവാഹികളും കൂടി ചേര്‍ന്നാണ്. പല അവസരങ്ങളിലും ഈ ഏജന്‍സി ഗവണ്‍മെന്റിനു വേണ്ടപ്പെട്ട വ്യക്തികളെ സഹായിച്ചതായി കേസുകളുണ്ട്. അതുപോലെ ഗവണ്‍മെന്റിനെ എതിര്‍ത്ത പല വ്യക്തികളും ഈ ഏജന്‍സിയുടെ ഇരകളായിട്ടുമുണ്ട്. ബി.ജെ.പിക്കെതിരെ രാജസ്ഥാനിലും ഗുജറാത്തിലും ഫയല്‍ചെയ്ത കേസുകള്‍ നിലനില്‍ക്കുന്നവയല്ല. പല രാഷ്ട്രീയക്കാരോടും ഉദ്യോഗസ്ഥരോടും വളരെ അടുപ്പമുള്ള ഒരു ബിസിനസ്സുകാരന്റെ വെളിപ്പെടുത്തല്‍ ഡല്‍ഹിയില്‍ വന്‍പ്രചാരം തന്നെ നേടിക്കഴിഞ്ഞു. ഈ വെളിപ്പെടുത്തലില്‍ സി.ബി.ഐയിലെ പല ഉന്നതരുടെ പേരുകളും ഉള്‍പ്പെടുത്തിയിട്ടുള്ളതിനാല്‍ അതിന്റെ വിശ്വാസ്യതയ്ക്ക് വീണ്ടും കോട്ടം തട്ടാന്‍ അത് ഇടവരുത്തി. ഈ വാര്‍ത്തയുടെ പൂര്‍ണ്ണവിവരം ജനങ്ങള്‍ അറിയേണ്ടതായുണ്ട്. ഏത് ഉദ്യോഗസ്ഥനായാലും സത്യസന്ധനായിരിക്കണം. പ്രത്യേകിച്ചും സി.ബി.ഐ. ഉദ്യോഗസ്ഥന്മാര്‍ കൂടുതല്‍ സത്യസന്ധരായിരിക്കണം.

**മോദിയുടെ പ്രചാരണം**

2013, സെപ്തംബര്‍ 13 നാണ് നരേന്ദ്രമോദി ബി.ജെ.പിയുടെ പ്രധാനമന്ത്രി സ്ഥാനാര്‍ത്ഥിയായി പ്രഖ്യാപിക്കപ്പെട്ടത്. അന്നുമുതല്‍ ഇന്നുവരെ 380 റാലികളെ അദ്ദേഹം അഭിസംബോധന ചെയ്തുകഴിഞ്ഞു. മിക്ക റാലികളിലും ലക്ഷക്കണക്കിന് ആളുകളാണ് പങ്കെടുത്തത്. ആരംഭത്തില്‍ക്കണ്ട ഈ ആവേശം തുടര്‍ന്നും കാണുമോ എന്നുള്ള കാര്യത്തില്‍ എനിക്കു സംശയമുണ്ടായിരുന്നു. എന്നാല്‍ അങ്ങനെയൊന്നും സംഭവിച്ചില്ല. എന്നാല്‍, വീണ്ടും 300 റാലികളില്‍ക്കൂടി അദ്ദേഹത്തിന് അഭിസംബോധന ചെയ്യേണ്ടിവന്നു. ഈ അടുത്തകാലത്ത് ഇത്രയും തീവ്രത കൂടിയ തിരഞ്ഞെടുപ്പു പ്രചാരണം ഒരു വ്യക്തിയും നടത്തിയതായി എനിക്ക് ഓര്‍മ്മയില്ല.

**മയക്കുമരുന്നുശാപം**

ഇന്നലെ ഞാന്‍ രാജാസാന്‍സിയില്‍ ഒരു പൊതുയോഗത്തില്‍ പ്രസംഗിച്ചു. സംസ്ഥാനത്തെ മയക്കുമരുന്നു ശീലത്തെക്കുറിച്ച് ഞാന്‍ അഭിപ്രായം പറഞ്ഞപ്പോള്‍ ജനങ്ങളില്‍ നിന്നും ഉച്ചത്തിലുള്ള കരഘോഷമുയര്‍ന്നു. ഈ കരഘോഷം കൂടുതലുമുണ്ടായത് സ്ത്രീകള്‍ ഇരുന്ന സ്ഥലത്തു നിന്നുമായിരുന്നു. പഞ്ചാബില്‍ മയക്കുമരുന്ന് ഉല്പാദിപ്പിക്കുന്നില്ല.

എന്നാല്‍, അതിര്‍ത്തിയിലൂടെ കള്ളക്കടത്തുവഴിയാണ് ഇത് പഞ്ചാബിലെത്തുന്നത്. രാജസ്ഥാനില്‍ ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന ചിലയിനം മയക്കുമരുന്നുകള്‍ പഞ്ചാബില്‍ എത്തുന്നുണ്ട്. നിയമപാലകരുടെ കര്‍ശന നടപടി കൂടാതെ ഈ പ്രശ്നം പരിഹരിക്കാന്‍ കഴിയില്ല. എല്ലാ മയക്കുമരുന്നിന്റെയും ലഭ്യത അതിന്റെ ഉത്ഭവസ്ഥാനത്തു നിന്നുതന്നെ നശിപ്പിക്കണം. സംസ്ഥാനത്തിനകത്ത് മയക്കുമരുന്ന് കടക്കാത്ത വിധത്തില്‍ അതിര്‍ത്തികളില്‍ നിതാന്തജാഗ്രത പുലര്‍ത്തുകയും വേണം. ഇത്തരം നിരീക്ഷണം ഒരുപക്ഷേ ബുദ്ധിമുട്ട് സൃഷ്ടിക്കുമെങ്കിലും തീര്‍ച്ചയായും ഇത് ഒഴിവാക്കാന്‍ കഴിയാത്തതു കൂടിയാണ്. ആഭ്യന്തര കലാപത്തിന്റെ പുതിയ പതിപ്പാണ് മയക്കുമരുന്നുവഴിയുള്ള തീവ്രവാദം. ഇതിനെ ഫലപ്രദമായിത്തന്നെ നാം നേരിടണം.